# ഗവ വി എച്ച് എസ് ഇരവിപുരം,തട്ടാമല



Kerala Infrastructure and Technology for Education

# വിദ്യാകിരണം

റവന്യൂ ജില്ല

കൊല്ലം

സബ് ജില്ല

കൊല്ലം

ഹെഡ്മിസ്ട്രസ്





മിനി എം

പിടിഎ പ്രസിഡന്റ്


നഹാസ് കൊരണ്ടിപ്പള്ളി

# DRAWINGS







# പ്രവേശനോൽസവം

## പ്രവേശനോൽസവം

നമ്മുടെ സ്കൂളിലെ ഈ വർഷത്തെ പ്രവേശനോൽസവം  വളരെ  മനോഹരമായി നടക്കുകയുണ്ടായി.ബഹുമാനപ്പട്ട ഇരവിപുരം MLA ശ്രീ നൗഷാദ് അവർകൾ ഉദ്ഘാടനം  ചെയ്തു. സ്കൂൾ  പി ടി എ പ്രസിഡന്റ് ശ്രീ നഹാസ് കൊരണ്ടിപ്പള്ളി അദ്ധ്യക്ഷത വഹിച്ചു.സീനിയർ ടീച്ചർ ശ്രീമതി സുലഭ സ്വാഗതം ആശംസിക്കുകയുണ്ടായി.  പി.റ്റി.എ, മദർ പി.റ്റി.എ, എസ്.എം.സി അംഗങ്ങൾ, രക്ഷകർത്താക്കൾ എന്നിവർ സംബന്ധിച്ചു. കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് ട്രോഫികൾ വിതരണം ചെയ്തു.







# കവിത

## പ്രതീക്ഷ

നനഞ്ഞ ചിന്തകളെടുത്ത് ഇന്നത്തെ വെയിലിലെങ്കിലും
ഉണക്കാനിടണം.
ഉണങ്ങിയാൽ പിന്നെ
ചുളുവൊക്കെ ഒന്നൂടെ നിവർത്തി
തേച്ചുമടക്കണം.....
പരിഭവപ്പൂക്കൾ നിറയെയുള്ള
ട്രങ്കിലൊരു മൂലക്ക് ഇരിക്കട്ടെ,
ഞാനിനിയും
വരുമെന്നോർത്ത്.....

**നിഷ കാട്ടാശ്ശേരി**

# നന്ദികെട്ടവൻ

ഓണാട്ടുപുര എന്ന ഒരു ചെറിയ ഗ്രാമം. വയലും,മരവും,വയലിലെ മുറിച്ച വരമ്പുകളും,വരപോലെ ചവിട്ടുപാതകൾ എല്ലാം കൂടിചേരുന്ന ഒരു കൊച്ചുഗ്രാമം. അതിരാവിലെ ഉണ്ണിക്കുട്ടൻ സഞ്ചിയിൽ പണിക്കോപ്പുകളുമായി ബാബുവേട്ടന്റെ ചായക്കടയിലെത്തി. ഉണ്ണി പറഞ്ഞു " ബാബുവേട്ടാ ഒരു ചായ" ചായകുടിച്ചിട്ട് ഉണ്ണിപറഞ്ഞു "ഏട്ടാ ഇന്നാ പൈസ, ചായയില് വെള്ളമാണ് കൂടുതല് കേട്ടോ".ബാബുവേട്ടൻ ഉണ്ണിയെ ഒന്ന് രൂക്ഷമായി നോക്കി. ഉണ്ണി അവിടുന്നിറങ്ങി.

ജോലിക്ക് കേറാൻ സമയമായി. അവൻ പണിസൈറ്റിലെത്തി. അവിടുത്തെ കൺട്രക്ടർമാർക്കെല്ലാം ഉണ്ണി വിശ്വസ്ഥനായിരുന്നു. കാരണം അവൻ ചെയ്യുന്ന പണിക്ക ഒരു നിറവായിരുന്നു. ഒരു ദിവസം പോലും അവൻ മുടങ്ങിയിട്ടില്ല. ഉണ്ണിക്ക് പണം സ്വരൂപിക്കുന്ന സ്വഭാവമുണ്ട്. അവന് ആകെയുള്ള വരുമാനമാണ്. ഉണ്ണിയുടെ ചേട്ടൻ ഏതുസമയവും കള്ളുകുടിച്ചിട്ട് ഭാര്യയേയും മക്കളേയും വിഷമിപ്പിക്കുക മാത്രമാണ് അയാളുടെ ജോലി. അവന്റെ അമ്മയും അച്ഛനും കഷ്ടപ്പെട്ട് ഉണ്ടാക്കിയ ഒരു കൊച്ചുവീട്ടിലാണ് അവന്റെ താമസം. അവൻ ജോലി ചെയ്ത് കിട്ടുന്ന 800 രൂപയിൽ 300 രൂപ അവനും 300 രൂപ അവന്റെ മാമനും 200 രൂപ അവൻ തന്റെ വഞ്ചിയിൽ സ്വരൂപിച്ചു വയ്ക്കും. അത് അങ്ങനെ തുടർന്നു.

കുറേ നാളുകൾക്കുശേഷം തന്റെ മാമി അർബുദം മൂലം മരണപ്പെട്ടു .പിന്നാലെ മാമനും കള്ളുകുടി അധികമായതിനെ തുടർന്ന് മരണപ്പെട്ടു. മാതാപിതാക്കൾ മരിച്ചുപോയി എന്ന കാരണത്താൽ നാട്ടുകാർ ആ കുട്ടികളെ അനാഥാലയത്തിൽ ആക്കാൻ തുനിഞ്ഞപ്പോൾ ഉണ്ണി പറഞ്ഞു: "കുട്ടികളെ അനാഥാലയത്തിലാക്കണ്ട, അവിടെ കിടന്നാൽ അവർ വീണ്ടും അനാഥരാവുകയേ ഉള്ളൂ, അവർ ആ കെട്ടിടത്തിന്റെ നാലു ചുവരുകളിൽ ഒതുങ്ങുക മാത്രമാണ് ചെയ്യുന്നത്. ഇവരെ താൻ നോക്കാം, എനിക്ക് വേറേ ബാധ്യതയൊന്നുമില്ല. ദിവസം 800 രൂപ എനിക്ക് കിട്ടും ഞങ്ങൾ നല്ലതുപോലെ ഇവിടെ കഴിഞ്ഞുകൊള്ളാം". നാട്ടുകാർ ഈ പ്രസ്താവനയോട് യോജിച്ചു.

കുട്ടികളുമായി ഉണ്ണി വീട്ടിൽ പോയി. മൂത്തത് ആണും ഇളയത് പെണ്ണും. മൂത്തവന്റെ പേര് അവിനാഷ്. ഇളയവളുടെ പേര് ലക്ഷ്മി എന്നുമാണ്. അവരെ സ്കൂൾ മാറ്റാനുള്ള സമയമായി. മൂത്തവൻ പഠിച്ച സ്കൂളിൽ 4-ാം ക്ലാസ് വരെയുള്ളൂ. രണ്ടുപേരെയും മാറ്റണം, കാരണം രണ്ടുപേരും ഒരു സ്ഥലത്താണെങ്കിൽ ഇളയവളെ മൂത്തവൻ നോക്കിക്കൊള്ളും. അവർക്ക് ഇരുവർക്കും യൂണിഫോമും, ബാഗും, ബുക്കും, പേനയും മറ്റും വാങ്ങേണ്ടതായിട്ടുണ്ട്. അതിനായി അവൻ ഏറെ നാളായി സൂക്ഷിച്ച വഞ്ചി പൊട്ടിച്ചു. അതിൽ പതിനായിരത്തിലേറേ രൂപയുണ്ടായിരുന്നു. പണത്തിന് അവർക്കാവിശ്യമായിട്ടുള്ള എല്ലാം അവർക്ക് വാങ്ങി. ബാക്കി വന്ന പണത്തിന് അവർക്കിടാൻ വസ്ത്രങ്ങൾ വാങ്ങി. അന്നാദ്യമായി അവൻ ഒരു ദിവസം പണിക്കു പൂവാതിരുന്നു.കൺട്രാക്ടറിന്റെ അടുത്ത് ഉണ്ണി പറഞ്ഞു ഇനിത്തൊട്ട് "എനിക്ക്200രൂപകൂട്ടി തരണം,രണ്ടു പിള്ളാരേക്കൂടി നോക്കാനുള്ളതാ" കൺഡ്രാക്ക് മറുപടി പറഞ്ഞു. അതിനെന്താ തരാമല്ലോ. ഞാൻ എല്ലാം അറിഞ്ഞു നീ വിഷമിക്കേണ്ട നിനക്ക് ഞാൻ1000 രൂപ തരാം അവൻ സന്തോഷത്തോടെ പണിതുടങ്ങി അന്ന്തൊട്ട് ആ വീട്ടിലെ അടുപ്പിൽ നിന്ന് പ്രകാശം ഉണ്ടായി. ഇത്രയും നാൾ അവൻഒരുനേരമാണ്

ആഹാരം കഴിച്ചത്. അത് ആ തട്ടുകടയിൽ നിന്നാണ്. ഇപ്പോൾ അത് നഷ്ടമാണ്.വീട്ടുസാധനങ്ങൾ എല്ലാം വാങ്ങി പണ്ടു തന്റെ അമ്മയിൽ നിന്ന് പഠിച്ച ചില കറിക്കൂട്ടുകൾ കൊണ്ട് ഭക്ഷണമുണ്ടാക്കി. ആ മൂവരുടേയും ജീവിതം അങ്ങനെ തുടർന്നു

വർഷങ്ങൾ കടന്നുപോയി................

ഉണ്ണിക്ക് ഇപ്പോൾ വയസ്സ് 67, അവിനാഷിന് വയസ്സ് 28, ലക്ഷ്മിക്ക് വയസ്സ് 24. ഇരുവർക്കും ഉണ്ണിയുടെ ആഗ്രഹം പോലെ വലിയ ശമ്പളം കിട്ടുന്ന സർക്കാർ ജോലി തന്നെ കിട്ടി. അവിനാഷിന് സർക്കാർ ജോലിയോട് താത്പര്യമില്ല. അവന് സ്വന്തമായി ഒരു കമ്പനി തുടങ്ങണം എന്നാണാഗ്രഹം. ഇരുവരുടെയും കല്യാണം കഴിഞ്ഞിരിക്കുന്നു. ഉണ്ണിയിപ്പോൾ അവിനാഷിന്റെ കൂടെയാണ് താമസം. അവന്റെ ഭാര്യ നിരഞ്ജനയ്ക്ക് ഉണ്ണിയെ ഇഷ്ടമല്ല. അതുപോലെ തന്നെ അവിനാഷിനും ഉണ്ണിയോട് താത്പര്യം കുറഞ്ഞുതുടങ്ങിയിരുന്നു. ഭാര്യ പറഞ്ഞു " മര്യാദയ്ക്ക് നിങ്ങളുടെ ഏട്ടനെ എവിടെയെങ്കിലും കൊണ്ടുകളയണം ഇല്ലെങ്കിൽ ഞാൻ അയാൾക്ക് വല്ല വിഷം കൊടുത്തു കൊല്ലും. എനിക്ക് വയ്യ അയാളുടെ മൂത്രവും മലവും തുടച്ച് ഇവിടെ കഴിയാൻ. അത്രയ്ക്ക് ഗതികെട്ടവളാണോ ഈ ഞാൻ". ഈ വാക്കുകളെല്ലാം ഉണ്ണിയുടെ മനസ്സിൽ പോലെ തുളച്ചുകയറുന്നു. അവിനാഷിന്റെ മകന് ഉണ്ണിയെ ഇഷ്ടമായിരുന്നു.അവൻ ഏതുസമയവും ഉണ്ണിയുടെ കൂടെയുണ്ടായിരുന്നു.

ഒടുവിൽ അവിനാഷ് ഗതികേടുകൊണ്ട് ഉണ്ണിയെ ഒരു വൃദ്ധസദനത്തിലാക്കേണ്ടി വന്നു. അവൻ അന്നാദ്യമായി ഉണ്ണി കരയുന്നതു കണ്ടു. വഴിയിൽ വെച്ച് ഉണ്ണിയുടെ ഒരു പരിചയക്കാരനെ അവിനാഷ് കണ്ടു. ആ കാരണവർ തിരക്കി " ഉണ്ണിക്കു സുഖമല്ലെ. അവനില്ലെ നിന്റെ കൂടെ?". അവിനാഷ് കരഞ്ഞുകൊണ്ട് പറഞ്ഞു. "ഞാൻ ഞാൻ ഏട്ടനെ വൃദ്ധസദനത്തിലാക്കി". ആ കാരണവർ ദേഷ്യത്തോടെ അവന്റ കുത്തിനു പിടിച്ച് പറഞ്ഞു. "നിനക്കറിയാമോ, നിന്റ തന്തയും തള്ളയും മരിച്ചതിനു ശേഷം നിങ്ങളെ നോക്കിയത് അവനായിരുന്നു. നിങ്ങൾക്കു വേണ്ടിഒരുപാട് ചെലവാക്കി, സഹിച്ചു, ക്ഷമിച്ചു കഴിഞ്ഞു. അവൻ കരഞ്ഞ ദൈവം നിങ്ങളോട് പൊറുക്കില്ല അവന് പോണമെങ്കിൽ നിങ്ങളെ അനാഥാലയത്തിലാക്കാമായിരുന്നു .അതവൻ സമ്മതിച്ചില്ല. നിങ്ങൾക്കുവേണ്ടി അവൻ കല്ല്യാണം പോലും ഉപേക്ഷിച്ചു. ഈ നിനക്ക് നിന്റെ മക്കളിൽ നിന്ന് കിട്ടും".

ഇത്രയും പറഞ്ഞ് ആ വൃദ്ധൻ തിരിഞ്ഞുനടന്നു. ഇതറിഞ്ഞ ലക്ഷ്മി ആദ്യം അവിനാഷിനെ എതിർത്തെങ്കിലും തന്റെ ഭർത്താവ് എന്ത് കരുതും എന്ന് വിചാരിച്ച് അവിനാഷ് നിന്നു.

വർഷങ്ങൾ വീണ്ടും കടന്നുപോയി......

മകൾ വലുതായിരിക്കുന്നു. അവൾ ചെയ്തതിന്റെ പരിണിതഫലം അവർക്കു ലഭിച്ചു. അവരുടെ ജോലി പോയി. മക്കളെ നോക്കിയിരുന്നില്ല. എല്ലാ സമ്പത്തും വിറ്റു മുടിപ്പിച്ചു. അവരുടെ മകൾ അവിനാഷിനെയും ഭാര്യയേയും ഭർത്താവിനെയും വൃദ്ധസദനത്തിൽ ആക്കി .അതിനുശേഷം പണ്ട് ഉണ്ണിയുടെ മുറി വൃത്തിയാക്കിയപ്പോൾ ഒരു പെട്ടി കിട്ടി. അതിൽ നിറയെ പണം,ആ പണം തന്റെ മുത്തച്ഛൻ മാറ്റിവെച്ചതാണെന്നു കരുതി.

അവരുടെമകൾ ആ പണത്തിന് കോൺട്രാക്ട് ബിസിനസ്സ് തുടങ്ങി വിജയിച്ചു.വൃദ്ധസദനത്തിൽ ഏകദേശം 99 വയസ് ഉള്ള ഒരാളെ കണ്ടു അടുത്തു നിന്നു കണ്ടപ്പോഴാണ് അവർക്ക് മനസ്സിലായത്അത് തന്റ ഉണ്ണിയേട്ടനായിരുന്നു .അവർ കാൽക്കൽ വീണു മാപ്പ് ചോദിച്ചു " അന്ന് ഞങ്ങൾ ചെയ്തത് തെറ്റാണ് ഞങ്ങളോട് ക്ഷമിക്കണം ചേട്ടാ "എന്ന് ലക്ഷ്മി പറഞ്ഞു ഉണ്ണി പടുവൃദ്ധനായതിനാൽ ഇടറിയ ശബ്ദത്തിൽ പറഞ്ഞു "എനിക്ക് നിങ്ങളോട് ഒരു ദേഷ്യവുമില്ല കാരണം നിങ്ങളെന്റെ മക്കളാണ്". അവർക്ക് അന്ന് മനസ്സിലായി 'വിതച്ചതേ കൊയ്യൂ'

ഇതുപോലെയാണ് വരും തലമുറകൾ. വലുതാകുംവരെ പോറ്റിവളർത്തിയവരോട് നന്ദികേട് കാണിക്കുന്ന യുവാക്കൾ. വൃദ്ധസദനങ്ങളുടെ എണ്ണം കൂടാൻ കാരണമായതും ഇവരെപ്പോലെയുള്ള 'നന്ദികെട്ട' യുവാക്കളാണ്.

vaishnav
10c

# ഓണാഘോഷം.......

## ആവണിപ്പൊന്നൂഞ്ഞാൽ



ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ വളരെ വിപുലമായ രീതിയിൽ നടത്തുകയുണ്ടായി. കുട്ടികളുടെ വിവിധ കലാപരിപാടികൾ, ഓണപ്പാട്ടുകൾ, ഓണക്കളികൾ സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് വിഭവസമൃദ്ധമായ ഓണസദ്യയും നടത്തുകയുണ്ടായി. പി.റ്റി.എ, എസ്.എം.സി അംഗങ്ങൾ, അധ്യാപകർ, രക്ഷകർത്താക്കൾ എന്നിവരുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.






PTA, MPTA, SMC, TEACHERS





# റിപ്പബ്ലിക്ദിന പരിപാടികൾ







# NCC MOMENTS







# A  Journey to the Red Planet

## An imaginary story

Ever since i was young, I wanted to go to space. My favourite planet is Mars. If I get a chance to go to space, the first place I would go is the red planet Mars. One day everything happened as I wished. I got a chance to go to space. My grandfather is a scientist and he gave me the chance to go there. I will be much indebled to him. Grandpa would come with me because he is afraid to send me to the space alone. I only had him as a relative. Grandpa looked after me since I was a baby. My parents passed away in an accident. That was not just an accident, it was a meteor fall in that place where my parents work. They died when I was just 2 years old. From there, my grandpa was looking after me. My dream was to discover all the mysteries of the universe. Even if I die or not, my grandpa always helped me. Now we are heading towards the "Red Planet".

"We are on the way" captain said. "hey! Watchout" grandpa shouted. There was an asteroid passed nearby, there was also a differently abled in our crew. He also wanted to go to mars. Now I am 17 years old and I have freedom to everything, and it's our right.

We had 7 days left to go. So we decided to sleep in the artificial tubes and the AI will wake us when we reach there.

Now we are close to the planet. There was numerous asteroids nearby. The captain suddenly clicked the landing button. At last I reached my dream destination!!.  The Mars looked so stormy, and it was. When we began to explore, a storm occured. Everyone shouted " run, run". We all survived . But unfortunately, the differently abled died. Then we prayed to god. We sticked a poster " U.S.A leader dream comes true". And we returned to our lovely earth.

Fathima

# നമ്മുടെ ശാസ്ത്രജ്ഞൻമാർ

C V രാമൻ

പ്രശസ്തനായ ഇന്ത്യൻ ശാസ്ത്രജ്ഞനായിരുന്നു CV രാമൻ. പ്രകാശവിസരണം, പ്രകാശത്തിലടങ്ങിയിരിക്കുന്ന നിറങ്ങൾ എന്നിവയെക്കുറിച്ച് ആഴത്തിൽ പഠനം നടത്തിയ അദ്ദേഹം, രാമൻ ഇഫക്ട് എന്ന പേരിൽ അറിയപ്പെടുന്ന സുപ്രധാന കണ്ടുപിടിത്തം നടത്തുകയുണ്ടായി. 1930ൽ

അദ്ദേഹം ഈ കണ്ടുപിടിത്തത്തിന് നോബൽ സമ്മാനം നേടി. 1970 നവംബർ 21ന് മരണപ്പെട്ടു.

APJ അബ്ദുൾകലാം

തമിഴ്നാട്ടിലെ രാമേശ്വരം എന്ന സ്ഥലത്ത് ഒരു സാധാരണ കുടുമ്പത്തിലാണ് APJ അബ്ദുൾകലാം ജനിച്ചത്. ബാല്യകാല വിദ്യഭ്യാസത്തിനു ശേഷം ബഹിരാകാശ ഗവേഷണം തെരഞ്ഞെടുത്ത അദ്ദേഹം പിൽകാലത്ത് മിസൈൽമാൻ

ഓഫ്ഇൻന്ധ്യ എന്നറിയപ്പെട്ടു .ISRO, DRDO എന്നീ ഗവേഷണസ്താപനങ്ങളിൽ അദ്ദേഹം ഉന്നത പദവികൾ വഹിച്ചിരുന്നു .കുട്ടികളെ സ്വപ്നം കാണാൻ പ്രേരിപ്പിച്ച മഹാനായ ഒരദ്ധ്യാപകൻ കൂടി ആയിരുന്നു അദ്ദേഹം.

പ്രതിരോധ ഗവേഷണ രംഗത്ത് ഇന്ത്യക്ക് ഒട്ടനവധി സംഭാവനകൾ അദ്ദേഹം നൽകിയിട്ടുണ്ട്. ഇന്ത്യൻ രാഷ്ടപതി എന്ന പദവിയും അദ്ദേഹം അലങ്കരിക്കുകയുണ്ടായി. 2015ജൂലൈ 27ന് ഷില്ലോങിൽ വച്ച് ഒരു പ്രസംഗത്തിനിടെ കുഴഞ്ഞു വീണു മരിക്കുകയുണ്ടായി.

അദ്ദേഹത്തിന്റ ആത്മകഥ "Wings Of Fire അഥവാ (അഗ്നിച്ചിറകുകൾ)

## കുട്ടിക്കവിത

### മഴ

മഴ മഴ മഴ പെയ്യുന്നു
മയിലുകൾ നൃത്തം ആടുന്നു
പല പല നിറമിതാ മാനത്ത്
മഴവിൽ  അത്ഭുതമാണല്ലോ!!
തവളകൾ  പാട്ടുകൾ പാടുന്നു
ചറ പറ മഴയും പെയ്യുന്നു
ചറ പറ ചറ പറ  പെയ്യുന്നു

Hasna Fathima S

1B

# എന്റെ നാട്

കേരളമെന്നൊരു പേരിലുണ്ടല്ലോ

കേരം തിങ്ങും കേരളനാട്

വയലും പുഴയും കടലും കായലും

ഒത്തൊരുമിച്ചൊരു മാമലനാട്

ഇടിച്ചുപെയ്യും ഇടവപ്പാതിയും

പൊരിഞ്ഞവെയിലിൽ മീനച്ചൂടും

മകരക്കുളിരിൽ പെയ്യും മഞ്ഞും

മാമലനാട്ടിൽ കുളിരേറുന്നു.

പെയ്യും മഴയും പൊരിയും വെയിലും

കള കള മൊഴുകും അരുവികളും

നീന്തിത്തുടിക്കും മീനുകളും

പച്ചപ്പാർന്നൊരു വയലുകളും

വർണ്ണങ്ങളേറിയ പറവകളും

ചേർന്നൊരുങ്ങിയ എന്നുടെ നാട്

Safa Fathima.S
IV.B

# കാലം

പ്രപഞ്ചത്തിൻ ഏതോ

നിഗൂഢമാം ചലനങ്ങൾ

കാലമാം യാത്രയെ പുൽകിടുന്നു

കാലത്തിനെന്തിനു കാൽച്ചിലങ്ക,

കാലമാം യവനിക മാറ്റിടുന്നു

നാളുകളേറെ കഴിഞ്ഞിടുന്നു

ശൈശവം ബാല്യത്തെ പുൽകിടുന്നു

.

നാളത്തെ ജേതാവ് പിറന്നിടുന്നു.

കാലമേ നിന്നോടു മത്സരിക്കാൻ

മറ്റൊരു ശക്തിക്കും സാധ്യമല്ലാ....

കാലത്തിനെന്തുവേഗം...

എന്തുവേഗം!

# എല്ലാവരെയും സഹായിക്കണം

ഒരു പുഴയുടെ തീരത്താണ് തേന്മാവിന്റെ താമസം. തേനൂറും സ്വർണ മാമ്പഴങ്ങൾ ആ മാവിൻ കൊമ്പിലുണ്ടത്രേ. ഒരു ദിവസം മൂന്ന് കിളികൾ തേന്മാവിന്റെ അരികിൽ വന്നു. അവർ തേന്മാവിനോട് ചോദിച്ചു. “ചങ്ങാതി, മഴയൊക്കെ അടുത്തു തുടങ്ങി അതുകൊണ്ട് ഞങ്ങൾക്ക് കൂടുകൂട്ടാൻ ഇടം തരുമോ?".

“ഇല്ല നിങ്ങൾക്ക് കൂടുകൂട്ടാൻ ഇടം തരില്ല". “ചങ്ങാതി, അങ്ങനെ പറയല്ലേ" പക്ഷികൾ പറഞ്ഞു. “ഇല്ല പറ്റില്ല" എന്ന് തേന്മാവും പറഞ്ഞു. പാവം കിളികൾ വിഷമത്തോടെ തിരികെ പോയി. കുറച്ചു ദിവസത്തിനു ശേഷം മഴ കഴിഞ്ഞപ്പോൾ കിളികൾ തീറ്റ തേടി പുറത്തു പോയപ്പോൾ ആ കാഴ്ച കണ്ട് അവർ ഞെട്ടി. അവർക്ക് കൂടു കൂട്ടാൻ ഇടം കൊടുക്കാത്ത തേന്മാവ് അതാ പുഴയിൽ വീണു കിടക്കുന്നു. അവർ മാവിന്റെ അടുത്തേക്ക് പോയി. തേന്മാവ് അവരോട് ഇങ്ങനെ പറഞ്ഞു. “ എന്നോട് ക്ഷമിക്കണം, ഞാൻ അന്ന് നിങ്ങൾക്ക് കൂടുകൂട്ടാൻ ഇടം തന്നില്ല, എന്നോട് ക്ഷമിക്കണം " ഇത്രയും പറഞ്ഞുകൊണ്ട് തേന്മാവ് തന്റെ കണ്ണുകൾ അടച്ചു.

ഗുണപാഠം:- ആർക്കെങ്കിലും ആപത്ത് നേരിടുന്നെങ്കിൽ അവരെ നാം സഹായിക്കണം, ഇല്ലെങ്കിൽ നാം ആപത്തിൽ പെടുമ്പോൾ നമ്മെ സഹായിക്കാൻ ആരും ഉണ്ടാവില്ല.

Rushda Fathima M N
IV.A

# അമ്മയെന്ന ലോകം

അമ്മയെന്നൊരു ലോകം നൊന്തു പ്രസവിച്ച എന്നൊരു പാഠം
മറക്കരുത്.
പിച്ച വച്ച നടന്നീടുമ്പോളെഞ്ഞമ്മ
താഴെ വീഴാതെ വളർത്തിയില്ലേ.........

സ്വന്തം വസ്തങ്ങൾ ധരിക്കാൻ
പഠിപ്പിച്ചതമ്മയാണെന്ന് അറിഞ്ഞുകൂടേ
ആദ്യാക്ഷരങ്ങൾ ചൊല്ലിപ്പഠിപ്പിച്ചത-
മ്മയാണന്നത് ഓർമയില്ലേ.

അച്ഛനടിക്കുമ്പോൾ അരുതെന്നു ചൊന്നത്
അമ്മയാണെന്നൊന്ന് ഓർത്തുകൂടേ.
അടുക്കള ലോകമായി മാറ്റിയതും
അമ്മയാണെന്നത് ചിന്തയില്ലേ.
തെറ്റുകൾ മായ്ച്ചിട്ട് നല്ലതായ്
മാറ്റിയതമ്മയാണെന്നത് മറക്കരുത്.

Suhana.S
VII.D

# കുഞ്ഞിക്കോഴി

കുട്ടികൾക്കുണ്ടൊരു കുഞ്ഞിക്കോഴി
കൂട്ടിലടക്കും കുഞ്ഞിക്കോഴി
നെന്മമണി തിന്നും കുഞ്ഞിക്കോഴി
പാറി നടക്കും കുഞ്ഞിക്കോഴി

പല പല നിറമുള്ള കുഞ്ഞിക്കോഴി
കാണാനഴകുള്ള കുഞ്ഞിക്കോഴി
ഏഴഴകുള്ളൊരു കുഞ്ഞിക്കോഴി
കൂകി നടക്കും കുഞ്ഞിക്കോഴി

അമ്മയുടെ സ്വന്തം കുഞ്ഞിക്കോഴി

Fathima Farsana.A
std:- III.B

# പൂമ്പാറ്റ

പൂവുകൾ തേടും പൂമ്പാറ്റ
പൂന്തേൻ ഉണ്ണും പൂമ്പാറ്റ
പൂമ്പൊടി വീശും പൂമ്പാറ്റ
പൂവിലിറങ്ങും പൂമ്പാറ്റ
മഴവില്ലാണോ നിന്നമ്മ
തരുമോ നീയൊരു കുഞ്ഞുമ്മ

Suhra Fathima
11A

# എന്റെ നാട്

കേരളമെന്നൊരു പേരിലുണ്ടല്ലോ
കേരം തിങ്ങും കേരളനാട്
വയലും പുഴയും കടലും കായലും
ഒത്തൊരുമിച്ചൊരു മാമലനാട്
ഇടിച്ചുപെയ്യും ഇടവപ്പാതിയും
പൊരിഞ്ഞവെയിലിൽ മീനച്ചൂടും
മകരക്കുളിരിൽ പെയ്യും മഞ്ഞും
മാമലനാട്ടിൽ കുളിരേറുന്നു.
പെയ്യും മഴയും പൊരിയും വെയിലും
കള കള മൊഴുകും അരുവികളും
നീന്തിത്തുടിക്കും മീനുകളും
പച്ചപ്പാർന്നൊരു വയലുകളും
വർണ്ണങ്ങളേറിയ പറവകളും
ചേർന്നൊരുങ്ങിയ എന്നുടെ നാട്

Safa Fathima.S
IV

# The two cats and a Monkey

Once upon a time there were to fat cats. they wear good friend they goat bread while sharing they made big and small piece at the time a monkey saw them fighting . The monkey said “i will cut it equally.” He bite the bigger piece to make it equal. Bite by bite.He ate the whole bread and went away happily. The poor cats lost the bread

## Moral:- We must learn to share what we have.”

Aquiline Melroy Miranda
Std :- I

# പ്രണയവഴിയിലെ പ്രതികാരം

റിനി ജോർജ്

- പ്രണയം പ്രകൃതിയാലുണ്ടാകുന്ന വികാരമാണെങ്കിലും പുതിയ കാലത്ത് പ്രതികാരത്തിന്റെ പ്രതീകമായി മാറുകയാണെന്ന് സംഭവങ്ങൾ വ്യക്തമാക്കുന്നു.

- ശാസ്ത്രീയമായി തലച്ചോറിൽ ഉണ്ടാകുന്ന ഹോർമോണുകൾ പ്രണയത്തിന് പ്രേരിപ്പിക്കുന്നു എന്ന് പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട് . ഹോർമോണുകളുടെ എണ്ണക്കുറച്ചിൽ പ്രണയത്തെ തീവ്രമാക്കാനും കുറയ്ക്കാനും സാധ്യതയുണ്ട്.

- കാലത്തിന് അനുസരിച്ച് പ്രണയസങ്കൽപ്പങ്ങൾ മാറുന്നു.പ്രണയംനിരസിച്ചാൽസമൂഹമാധ്യമങ്ങളിലൂടെയും ക്വട്ടേഷൻ സംഘങ്ങളുടെസഹായത്താലും എതിർകക്ഷിയെ അപമാനിക്കുന്നതിലും അപകടപ്പെടുത്താൻ ശ്രമിക്കുന്നതിലും എത്തിനിൽക്കുകയാണ് ഇപ്പോഴത്തെ തലമുറ.

- പ്രണയം നിരസിക്കുന്നത് ദുരഭിമാനമായാണ് കണക്കാക്കുന്നത്. കൂട്ടുകാരുടെ കളിയാക്കൽക്കൂടി ചേരുമ്പോൾനിരസിച്ച ആളോട് പക കൂടുന്നു. മുഖത്തേക്ക് ആസിഡ് ഒഴിക്കൽ, കുത്തി പരിക്കേൽപ്പിക്കൽ, മാന്യതയില്ലാതാക്കാൻ സോഷ്യൽ മീഡിയയിലൂടെ അപവാദപ്രചാരണം, ക്വട്ടേഷൻ സംഘത്തെ വിട്ട് വീടാക്രമിക്കൽ, കൂട്ടുകാർ ചേർന്ന്
- തട്ടിക്കൊണ്ടുപോകൽ എന്നിങ്ങനെ നീളുന്നു പ്രണയവഴിയിലെ പ്രതികാരങ്ങൾ.

- ബാല്യം നന്നായാൽ കൗമാരവും യൗവനവും നന്നാവും എന്നാണ് മനശാസ്ത്രം. ബാല്യത്തിൽ രണ്ടുതരം സാഹചര്യത്തിൽ വളരുന്ന കുട്ടികളാണ് 96 ശതമാനവും ഇത്തരത്തിലുള്ള പ്രവണത കാട്ടുന്നത്. ഒന്ന്: എല്ലാ തരത്തിലുള്ള സുഖസൗകര്യങ്ങളും ലഭിക്കുന്നവർ. ഇവർ ആവശ്യപ്പെടുന്ന കാര്യങ്ങൾ അപ്പോൾത്തന്നെ അച്ഛനമ്മമാർ സാധിച്ചുകൊടുക്കും. രണ്ട്: ഒരു തരത്തിലുള്ള ആഗ്രഹങ്ങളും സ്വന്തമാക്കാൻ കഴിയാത്തകുട്ടികൾ. ഇതിൽ രണ്ടിലുംപെടാതെ ഒരുപാട് സ്നേഹം ആവശ്യത്തിന് ലഭിച്ചുവളരുന്ന നാലു ശതമാനം വരും. ഇവരിലെ പ്രതികാര മനോഭാവത്തിനുകാരണം കൂട്ടുകാരുടെ സമ്മർദ്ദമാണ്. ഇത്തരിത്തിലുള്ള കുട്ടികൾ വളരുന്നതിന് അനുസരിച്ച് അവരുടെ
- ആഗ്രഹങ്ങളും വർധിക്കും. ആഗ്രഹം സാധിക്കാത്തപക്ഷം അവർക്ക് അതിനോടുള്ള പ്രതികാരവും വർധിക്കും.

- കുടുംബ പശ്ചാത്തലവും സാമൂഹികവിരുദ്ധരുടെ ഇടപെടലും കുട്ടികളിൽ പ്രതികാര മനോഭാവം സൃഷ്ടിക്കുന്നു.തകർന്നടിഞ്ഞ കുടുംബങ്ങൾ, അച്ഛനമ്മമാരുടെ വേർപിരിയൽ, സ്നേഹബന്ധം ഇല്ലാതാക്കുന്ന കുടുംബാംഗങ്ങൾ, മദ്യപാനത്തിനും മയക്കമരുന്നിനും അടിമയാകുന്ന കുടുംബ പശ്ചാത്തലം, എന്തു കുറ്റം ചെയ്താലും രക്ഷിക്കാൻ ഞങ്ങളുണ്ട് എന്ന സാമൂഹ്യവിരുദ്ധരുടെ ഉറപ്പ് എന്നിവ പ്രതികാരപ്രവർത്തികളിലേക്ക് എത്തിക്കുന്നു.

- കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം. തമ്മിൽ സംസാരിക്കാൻ അവസരം ഒരുക്കുന്നതും ചെറിയ തെറ്റുകൾ കണ്ടാൽപോലും ആരോഗ്യപരമായ തിരുത്തലുകൾ ഉറപ്പുവരുത്തുന്നതും കുട്ടിയെ നല്ല മനസ്സിന്റെ ഉടമകളാക്കും. ഇളം തലോടലിനുപോലും പ്രതികാരപ്രവണത ഒരു പരിധിവരെ കുറയ്ക്കാനുള്ള ശക്തിയുണ്ട്. സ്നേഹബന്ധം എന്താണെന്നും അതിന്റെ ആഴവും പരപ്പും എത്രയാണെന്നും കുട്ടികൾ കുടുംബത്തിൽനിന്ന് കണ്ടുവളരണം. കുറ്റകൃത്യങ്ങൾക്ക് തക്ക ശിക്ഷ നടപ്പാക്കിയാൽ ഒരു പരിധിവരെ ദുഷ്പ്രവണതകൾ തടയാൻ കഴിയും. കുടുംബവും സമൂഹവും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ സ്നേഹവും ക്ഷമയും സഹാനുഭൂതിയുമുള്ള പുതിയ തലമുറയെ വാർത്തെടുക്കാം.

( ഇരവിപുരം തട്ടാമല ജി വി എച്ച് എസ് എസിലെ
കൗൺസിലറാണ് ലേഖിക)

# പൂമ്പാറ്റ

പൂവുകൾ തേടും പൂമ്പാറ്റ
പൂന്തേൻ ഉണ്ണും പൂമ്പാറ്റ
പൂമ്പൊടി വീശും പൂമ്പാറ്റ
പൂവിലിറങ്ങും പൂമ്പാറ്റ
മഴവില്ലാണോ നിന്നമ്മ
തരുമോ നീയൊരു കുഞ്ഞുമ്മ

Suhra Fathima
11A

# മഴ

മഴ മഴ മഴ പെയ്യുന്നു
മയിലുകൾ നൃത്തം ആടുന്നു
പല പല നിറമിതാ മാനത്ത്
മഴവിൽ  അത്ഭുതമാണല്ലോ!!
തവളകൾ  പാട്ടുകൾ പാടുന്നു
ചറ പറ മഴയും പെയ്യുന്നു
ചറ പറ ചറ പറ  പെയ്യുന്നു

Hasna Fathima S

1B

# ഫ്രീഡം ഫെസ്റ്റ് 2023

സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് മാസം 9-11 തീയതികളിൽ "ഫ്രീഡം ഫെസ്റ്റ് 2023" എന്ന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. എല്ലാ സ്കൂളിലെ എല്ലാ കുട്ടികൾക്കും ഇത് ഒരു പുത്തൻ അനുഭവമായിരുന്നു.









